## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.185 — 18.03.2015-ൽ മറുപടിക്ക്

### വെർച്വൽ ഐ.റ്റി.കേഡർ

**ചോദ്യം**

ശ്രീ.കെ.ശിവദാസൻ നായർ;
ശ്രീ.വർക്കല കഹാർ;
ശ്രീ.എം.പി.വിൻസെന്റ്:

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലികുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വെർച്ച്വൽ ഐ.റ്റി കേഡർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്, സ.ഉ.(സാധാ) നം. 05/15/ITD തീയതി 21.01.2015 പ്രകാരം സെക്രട്ടേറിയറ്റിലെ ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്കായി ഒരു വെർച്ച്വൽ ഐ.റ്റി കേഡർ സ്ഥാപിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി സെക്രട്ടേറിയറ്റിലെ 16 ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അതാത് വകുപ്പ് തലവന്മാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ, ഇ ഗവേർണൻസ് സംബന്ധിച്ച് IIITMK നൽകിയ പ്രത്യേക പരിശീലനത്തിന് വിധേയരാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | ഐ.റ്റി ഡിപ്പാർട്ട്മെന്റ്/ഐ.റ്റി മിഷനുമായി സഹകരിച്ച് ഇ-ഗവേർണൻസ് പദ്ധതികളുടെ വിഭാവനം, നടത്തിപ്പ്, മേൽനോട്ടം എന്നിവ അതാതു ഡിപ്പാർട്ട്മെന്റിലെ തന്നെ ഉദ്യോഗസ്ഥരുടെ ടീമിനാൽ നിർവഹിക്കുക, ഇൻ-ഹൗസ് ടീമിന്റെ, അറിവ് പ്രയോജനപ്പെടുത്തുക എന്നുള്ളവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ |

| | | | |
|---|---|---|---|
| (സി) | ഇ-ഗവേർണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) | ഓരോ ഡിപ്പാർട്ട്മെന്റിലും ഓരോ ഇൻ-ഹൗസ് ടീമുകൾ ഉണ്ടാകും. ഇ-ഗവേർണൻസ് പദ്ധതികളുടെ നടത്തിപ്പിനായി ട്രെയിനിംഗ് ലഭിച്ച ടീം അംഗങ്ങൾ അതാതു ഡിപ്പാർട്ട്മെന്റിലെ ഇ-ഗവേർണൻസ് പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതായിരിക്കും. ഇതു കൂടാതെ സാങ്കേതിക സഹായത്തിനായി അവർ ഐ റ്റി ഡിപ്പാർട്ട്മെന്റുമായി സമ്പർക്കം പുലർത്തുന്നതായിരിക്കും. ഐ റ്റി ഡിപ്പാർട്ട്മെന്റ്, ഐ.ടി. മിഷൻ, SeMT എന്നിവരുമായി സഹകരിച്ച് ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണ്. |
| (ഡി) | ആരുടെയെല്ലാം സഹായത്തോടു കൂടിയാണ് ഇതു പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷൻ SeMT, IIITMK,എന്നിവരാണ് വെർച്ചൽ ഐ.റ്റി കേഡറിന്റെ നടത്തിപ്പിനായി ഐ.ടി വകുപ്പിനെ സഹായിക്കുന്നത്.<br>IIITMK - നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നു.<br>SeMT - വെർച്ചൽ ഐ.റ്റി കേഡർ ഉദ്യോഗസ്ഥർക്ക് ഉപദേശവും മാർഗദർശനവും നൽകുന്നു.<br>കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ - പദ്ധതികൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ